# 2016 ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിലേയ്ക്കുള്ള നാളികേരത്തിന്റെ വില പ്രവചനം

## നാളികേര വിപണി നേരിയ വിലയിടിവും ഉണർവും പ്രതീക്ഷിക്കുന്നു

ചെറുകിട നാമമാത്ര കൃഷിയിടങ്ങളിൽ ആഗോളതലത്തിൽ കൃഷി ചെയ്യപ്പെടുന്ന നാളികേരം ലോകമെമ്പാടുമുള്ള ലക്ഷോപലക്ഷം ജനതയുടെ ഉപജീവനോപാധികളിലൊന്നാണ്. 2015ൽ 1.97 ദശലക്ഷം ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തതിൽ നിന്നും 20440 ദശലക്ഷം നാളികേരം ഉല്പാദിപ്പിക്കുകയുണ്ടായി. ഹെക്ടറൊന്നിന് 10345 നാളികേരമാണ് ഇപ്പോഴത്തെ ഉല്പാദനക്ഷമത. 18 സംസ്ഥാനങ്ങളിലും മൂന്ന് കേന്ദ്രഭരണ പ്രദേശങ്ങളിലും ഇന്ത്യയിൽ നാളികേരകൃഷി ചെയ്യുന്നു. ആഗോള ഉല്പാദനത്തിന്റെ 18 ശതമാനം ഇന്ത്യയുടേതാണ്. ഇന്ത്യയിലെ ഉല്പാദനത്തിന്റെ 91 ശതമാനവും കേരളം, തമിഴ്നാട്, കർണ്ണാടക, ആന്ധ്രപ്രദേശ് എന്നീ സംസ്ഥാനങ്ങളുടെ സംഭാവനയാണ്. 2014–15ൽ ഇന്ത്യയിൽ ആകമാനം 4896.61 ദശലക്ഷം നാളികേരം ഉല്പാദിപ്പിക്കപ്പെട്ടു. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 2015–16ൽ കേരളത്തിലെ നാളികേര ഉല്പാദനം 8.37 ശതമാനം ഉയരുമെങ്കിലും കാസർഗോഡ്, മലപ്പുറം, ഇടുക്കി, കോട്ടയം എന്നീ ജില്ലകളിൽ ഉല്പാദനത്തിൽ ഇടിവുണ്ടാകും.

2015 ഏപ്രിൽ മുതൽ 2016 ജനുവരി വരെയുള്ള കാലയളവിൽ നാളികേരത്തിന്റെയും നാളികേരോല്പന്നങ്ങളുടെയും കയറ്റുമതിയിൽ 8.73 ശതമാനം വർദ്ധനവുണ്ടായി. ഇതിന്റെ ആകെ മൂല്യം 1188.27 കോടി രൂപയാണ്. മൊത്തം കയറ്റുമതിയിൽ 45 ശതമാനവും ആക്റ്റിവേറ്റഡ് കാർബണാണ്. പച്ചത്തേങ്ങ, വെളിച്ചെണ്ണ, ഉണക്കിയ തേങ്ങ, കൊപ്ര, ചിരട്ട, ചിരട്ടക്കരി, വെന്ത വെളിച്ചെണ്ണ എന്നിവയാണ് മറ്റ് ഉല്പന്നങ്ങൾ. ഗൾഫ് രാജ്യങ്ങളാണ് പച്ചത്തേങ്ങയുടെ പ്രധാന ഉപഭോക്തൃ മേഖല

കേരളത്തിലെ നാളികേരത്തിന്റെ മുഖ്യ വിളവെടുപ്പ് സീസണായ ജനുവരി മുതൽ ജൂൺ വരെയാണ് മൊത്തം ഉല്പാദനത്തിന്റെ 60 ശതമാനവും ഉല്പാദിപ്പിക്കപ്പെടുന്നത്. വർഷാരംഭത്തോടെ നാളികേരത്തിന്റെ വിപണിയിലേക്കുള്ള വരവ് ആരംഭിച്ചിട്ടുണ്ട്. വൻകിട ഉല്പാദകരും പ്രാദേശിക ഉപഭോക്താക്കളും ഓൺലൈൻ വ്യാപാരത്തിലൂടെ തങ്ങളുടെ ഉല്പാദനാവശ്യങ്ങൾക്ക് വേണ്ടുന്ന അളവിൽ മാത്രം സംഭരണം നടത്തുന്ന പ്രവണത കാണിക്കുന്നതായി റിപ്പോർട്ടുകളുണ്ട്.

നാളികേരത്തിന്റെ വില 2014 സെപ്റ്റംബറിൽ ഒരെണ്ണത്തിന് 14 രൂപ എന്ന നിലയിൽ നിന്നും 2015 ജൂണിൽ 10 രൂപയായും 2016 ജനുവരിയിൽ 8 രൂപയായും ഇടിഞ്ഞു. നാളികേരത്തിന്റെ കഴിഞ്ഞ 8 വർഷത്തെ വിലയിൽ നടത്തിയ പഠനത്തിൽ നിന്നും സാധാരണ ഗതിയിൽ മാർച്ച് മാസത്തിൽ വിലയിടിവിനും അതിനു ശേഷം ഏപ്രിൽ മുതൽ വില വർദ്ധിക്കാനും സാധ്യതയുണ്ടെന്ന് കാണുന്നു. മില്ലിംഗ് കൊപ്രയ്ക്കും ഉണ്ടക്കൊപ്രയ്ക്കും യഥാക്രമം ക്വിന്റലിന് 5950 രൂപയും 6240 രൂപയും 2015–16ലെ താങ്ങുവിലയായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. തന്മൂലം കേരളത്തിലെ നാളികേര വിലയിൽ വർദ്ധനവുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു

വ്യാപാരികളുടെ അഭിപ്രായത്തിൽ കൊപ്രയുടെ സംഭരണത്തിൽ ഉണ്ടായ കുറവാണ് വിപണി വിലയിൽ ഇടിവുണ്ടാകുന്നതിലേക്ക് നയിച്ചത്. നാളികേരത്തിന്റെയും കൊപ്രയുടെയും വ്യാപാരികൾക്കിടയിൽ നടത്തിയ സർവ്വേയിൽ നിന്നും നാളികേരത്തിന്റെ വില കിലോഗ്രാമിന് 16 രൂപക്കും 18 രൂപക്കും ഇടയിലാണെന്ന് മനസിലാക്കാൻ സാധിക്കുന്നു. താഴ്ന്ന വിലനിലവാരം മൂലം വൻ കിട ഉപഭോക്താക്കൾ വിപണിയിൽ നിന്നും പിൻവലിഞ്ഞ് നിൽക്കുന്നതിനാൽ കൊപ്രയുടെയും വെളിച്ചെണ്ണയുടെയും വിലയിൽ ഇടിവുണ്ടാകുന്ന പ്രവണത തുടരുന്നു. മൂല്യവർദ്ധിത ഉല്പന്നങ്ങൾക്ക് വേണ്ടി നാളികേരം കൂടുതലായി ഉപയോഗിക്കുന്നതും, ഈ മൂല്യവർദ്ധിത ഉല്പന്നങ്ങൾക്ക് വിദേശ വിപണികളിലുള്ള ആവശ്യകത വർദ്ധിച്ചു വരുന്നതും, നീര ടാപ്പിംഗും, വേനൽക്കാലത്ത് ഇളനീരിന് കൂടുതൽ ആവശ്യക്കാരുണ്ടാകുമെന്നതും, വിപണിയിലേക്കുള്ള നാളികേരത്തിന്റെ വരവിൽ കുറവുണ്ടാക്കുവാൻ സാദ്ധ്യതയുണ്ട്. തന്മൂലം 2016 മാർച്ചിനു ശേഷം നാളികേരത്തിന്റെ വിലയിൽ വർദ്ധനവുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ലഭ്യമായ നാളികേരം വ്യവസായ ആവശ്യങ്ങൾക്കായി വിറ്റഴിക്കപ്പെടുന്നതിനാലും കൊപ്രയുടെയും തേങ്ങയു

ടെയും മറ്റ് നാളികേര ഉല്പന്നങ്ങളുടെയും ആഭ്യന്തര-കയറ്റുമതി ആവശ്യകതയിൽ വർദ്ധനവുണ്ടാകുന്നതും മൂലം 2016 ഏപ്രിൽ മുതൽ വിലയിൽ വർദ്ധനവിന് സാധ്യതയുണ്ട്.

2016 മാർച്ച് വരെ നേരിയ തോതിൽ വിലയിടിവിനും ഏപ്രിൽ അവസാനം മുതൽ  സാവധാനത്തിൽ വില വർദ്ധിച്ചു തുടങ്ങാനും സാധ്യതയുണ്ടെന്ന് ഐ.സി.എ.ആർ നെറ്റ്‌വർക്ക് പ്രോജക്റ്റ് ഓൺ മാർക്കറ്റ് ഇന്റലിജൻസ് വിലയിരുത്തുന്നു. ഭാഗികമായി പൊതിച്ച തേങ്ങയ്ക്ക് 2004 മുതലുള്ള 11 വർഷം ആലപ്പുഴ മാർക്കറ്റിൽ ലഭിച്ച പ്രതിമാസ വില ഇക്കണോമെട്രിക് വിശകലനത്തിന് വിധേയമാക്കിയതിന്റെയും വ്യാപാരികളുടെ ഇടയിൽ നടത്തിയ സർവ്വേയുടെയും അടിസ്ഥാനത്തിലാണ് ഈ പ്രവചനം. മുകളിൽ വിവരിച്ച വിപണി സാഹചര്യങ്ങളുടെ മാത്രം അടിസ്ഥാനത്തിലാണ് ഈ പ്രവചനമെന്നതിനാൽ കർഷകർക്ക് ഉല്പന്നം വില്ക്കുന്നതുമായി ബന്ധപ്പെട്ട് ഉചിതമായ തീരുമാനങ്ങളെടുക്കാം.

പ്രവചിക്കപ്പെട്ട വിലയുടെ പരിധികൾ താഴെ പറയുന്ന പ്രകാരമായിരിക്കും

| ആസം | പ്രവചിക്കപ്പെട്ട വില (രൂപ/1000 തേങ്ങയ്ക്ക്) |
|---|---|
| ഫെബ്രുവരി 2016 | 8000 - 8400 |
| മാർച്ച് 2016 | 8300 - 8800 |
| ഏപ്രിൽ 2016 | 9000 - 9500 |

## റിസർച്ച് ടീം

ഡോ. ജെസി തോമസ് കെ, ഡോ. അനിൽ കുരുവിള,
ഡോ. ചിത്ര പാറയിൽ, ശ്രീ. നൗഷാദ് എ.കെ & കുമാരി. രോഹിണി. കെ
ഐ.സി. എ.ആർ നെറ്റ്‌വർക്ക് പ്രോജക്റ്റ് ഓൺ മാർക്കറ്റ് ഇന്റലിജൻസ്
ഹോർട്ടിക്കൾച്ചർ കോളേജ്, കേരള കാർഷിക സർവ്വകലാശാല, വെള്ളാനിക്കര, തൃശ്ശൂർ